30
ജൂൺ
തിങ്കൾ 2025

# കാലികം

സ്പെഷ്യൽ പതിപ്പ്

SIHSS UMMATHUR



SPC, സ്കൗട്ട് & ഗൈഡ് നേതൃത്വത്തിൽ നടന്ന ലഹരിവിരുദ്ധ ദിനാചരണം ഹെഡ്മാസ്റ്റർ കെ കെ ഉസ്മാൻ ഉദ്ഘാടനം ചെയ്യുന്നു




എൻ എസ് എസ് നേതൃത്വത്തിൽ നടന്ന ലഹരി വിരുദ്ധ ദിനാചരണം പ്രിൻസിപ്പൽ പിടി അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്യുന്നു

### പഠനമാകട്ടെ ലഹരി

## അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണം നടത്തി

സ്റ്റുഡൻസ് പോലീസ് , സ്കൗട്ട് , ഗൈഡ് , ജെ ആർ സി എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടന്ന അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണം ഹെഡ്മാസ്റ്റർ കെ കെ ഉസ്മാൻ ഉദ്ഘാടനം ചെയ്തു. കെ വി സിയാദ് മാസ്റ്റർ അധ്യക്ഷത വഹിച്ചു. നാദാപുരം ജനമൈത്രി പോലീസ് സീനിയർ സിവിൽ പോലീസ് ഓഫീസർ കെ കെ ബിജു ക്ലാസ്സെടുത്തു. പി കെ സജിലടീച്ചർ, ടി ബി മനാഫ് മാസ്റ്റർ, കെ അനൂപ് കുമാർ, വി കെ അസ്മടീച്ചർ, എം ആയിഷ ടീച്ചർ, പി പി ഹാരിസ് മാസ്റ്റർ, ദിവ്യ ടീച്ചർ തുടങ്ങിയവർ പ്രസംഗിച്ചു. സുംബ ഡാൻസ്, ലഹരി വിരുദ്ധ പ്രതിജ്ഞ എന്നിവയും നടന്നു.



എൻ എസ് എസ് നേതൃത്വത്തിൽ വിപുലമായ രീതിയിൽ ലഹരി വിരുദ്ധ ദിനാചരണം പ്രിൻസിപ്പൽ പിടി അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം ഓഫീസർ റസാഖ് മാസ്റ്റർ അധ്യക്ഷത വഹിച്ചു. കെ സി റഷീദ് മാസ്റ്റർ ലഹരി വിരുദ്ധ സന്ദേശം നൽകി. മജിലേഷ്, ദീപടീച്ചർ, മുഹമ്മദ് താനിയറ്റ, ടി നവാസ് മാസ്റ്റർ, ഹബീബടീച്ചർ, ശരീഫടീച്ചർ, ഡോ: ദിനേശൻ കല്ലുനിര, സി കെ റന ഫാത്തിമ, ടി പി മുഹമ്മദ് തുടങ്ങിയവർ പ്രസംഗിച്ചു.





# ലഹരി വിരുദ്ധ സൈക്കിൾ റാലിക്ക് സ്വീകരണം നൽകി

കോഴിക്കോട് റൂറൽ പോലീസ്, SPC, ജനമൈത്രി പോലീസ് എന്നിവയുടെ ആഭിമുഖ്യത്തിൽ "അരുത് അരുതാത്ത ലഹരി അരുത്" എന്ന സന്ദേശവുമായി സംഘടിപ്പിച്ച ലഹരി വിരുദ്ധ സൈക്കിൾ റാലിക്ക് SPC യൂനിറ്റിന്റെ ആഭിമുഖ്യത്തിൽ പാറക്കടവ് ടൗണിൽ സ്വീകരണം നൽകി. ചെക്യാട് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് നസീമ കൊട്ടാരത്തിൽ, വാർഡ് മെമ്പർ ഹാജറ ചെറൂണിയിൽ, പിടിഎ വൈസ് പ്രസിഡന്റ് സി എച്ച് ഹമീദ് മാസ്റ്റർ തുടങ്ങിയവർ പ്രസംഗിച്ചു.

# അറിവുകൾ ഗുണകരമായി ഉപയോഗിക്കണം : ഡോ: പുത്തൂർ മുസ്തഫ



പാറക്കടവ് : താനുൾക്കൊള്ളുന്ന സമൂഹത്തെക്കുറിച്ച് അറിയാനും നേടിയ അറിവുകൾ സമൂഹത്തിന് ഗുണകരമായ രീതിയിൽ ഉപയോഗിക്കാനും വിദ്യാർത്ഥികൾ ശ്രമിക്കണമെന്ന് കണ്ണൂർ സർവ്വകലാശാല സിൻഡിക്കേറ്റ് മുൻ മെമ്പറും ചരിത്ര ഗവേഷകനുമായ ഡോ: പുത്തൂർ മുസ്തഫ പറഞ്ഞു. ഉമ്മത്തൂർ എസ് ഐ ഹയർ സെക്കണ്ടറി സ്കൂൾ സാമൂഹ്യശാസ്ത്ര ക്ലബ്ബ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഹെഡ് മാസ്റ്റർ കെ കെ ഉസ്മാൻ അധ്യക്ഷത വഹിച്ചു. ചെക്യാട് ഗ്രാമ പഞ്ചായത്ത് മെമ്പർ ടി കെ ഖാലിദ് മാസ്റ്റർ പ്രവർത്തന രൂപരേഖ പ്രകാശനം ചെയ്തു.

എം പി ഹസീനടീച്ചർ, അഷ്റഫ് പതിയായി, അസ്‌ലം കളത്തിൽ, സി സജിനിടീച്ചർ, കെ രഞ്ജിനിടീച്ചർ എന്നിവർ പ്രസംഗിച്ചു. ക്ലബ്ബ് കൺവീനർ കെ വി നൗഫൽമാസ്റ്റർ സ്വാഗതവും നഹ്‌ല തഖിയ നന്ദിയും പറഞ്ഞു.



## ഓഫീസ് കോംപ്ലക്സ് ഉദ്ഘാടനം ചെയ്തു

ഉമ്മത്തൂർ എസ് ഐ ഹയർ സെക്കണ്ടറി സ്കൂളിന്റെ നവീകരിച്ച ഓഫീസ് കോംപ്ലക്സ് സ്കൂൾ മാനേജർ പ്രൊഫ: പി മമ്മു സാഹിബ് ഉദ്ഘാടനം ചെയ്തു. മാനേജിംഗ് കമ്മിറ്റി ജനറൽ സെക്രട്ടറി അഹമദ് പുന്നക്കൽ അധ്യക്ഷത വഹിച്ചു. ആർപി ഹസൻ, ടി കെ ഖാലിദ് മാസ്റ്റർ, പ്രിൻസിപ്പൽ പിടി അബ്ദുറഹിമാൻ, ഹെഡ് മാസ്റ്റർ കെ കെ ഉസ്മാൻ, ഹമീദ് അമ്പലം, വി സി അസീസ്, ടി എ സലാം, കെ സി റഷീദ് മാസ്റ്റർ, സി മൊയ്തു, ടി കെ ജാബിർ മാസ്റ്റർ , വി താജു മാസ്റ്റർ , ടി ബി മനാഫ് മാസ്റ്റർ എന്നിവർ സംസാരിച്ചു. കെട്ടിടത്തിന്റെ രൂപകല്പന നിർവ്വഹിച്ച പൂർവ്വ വിദ്യാർത്ഥിയും എഞ്ചിനീയറുമായ കെ പി മുഹമ്മദിനെ ചടങ്ങിൽ അനുമോദിച്ചു.

# വായനവാരാചരണം സമാപിച്ചു

ജൂൺ 19 മുതൽ ആരംഭിച്ച വായനവാരം വിവിധ പരിപാടികളോടെ സമാപിച്ചു. ജൂൺ 19 വായനദിനത്തിൽ ആക്റ്റിവിസ്റ്റും പ്രഭാഷകനുമായ സനിൽ ദിവാകർ ഉദ്ഘാടനം ചെയ്ത വായന പരിപോഷണവാരാചരണത്തിന്റെ ഭാഗമായി 21 ക്ലാസ് ലൈബ്രറികളുടെ ഉദ്ഘാടനം, സാഹിത്യ ക്വിസ്, അമ്മവായന, കവിതാകളരി, പ്രധാന ദിന പത്രങ്ങളുടെ വാർഷിക പദ്ധതികളുടെ ഉദ്ഘാടനം എന്നിവ നടന്നു. വിവിധ ചടങ്ങുകളിലായി നാദാപുരം അർബൻ ബാങ്ക് പ്രസിഡന്റ് എം കെ അഷ്റഫ്, മുതിർന്ന മാധ്യമ പ്രവർത്തകൻ ജമാൽ കല്ലാച്ചി, വാർഡ് മെമ്പർ ടി കെ ഖാലിദ് മാസ്റ്റർ, അബ്ദുല്ല വല്ലംകണ്ടത്തിൽ, ആയിഷ അലിഷ്ബ, പിടി അബ്ദുറഹിമാൻ, ഹെഡ്മാസ്റ്റർ കെ കെ ഉസ്മാൻ, കെ സി റഷീദ് മാസ്റ്റർ, എം പി റസാഖ് മാസ്റ്റർ, ടി അഖിൽമാസ്റ്റർ, അസ്‌ലം കളത്തിൽ, എൻ കെ കുഞ്ഞബ്ദുള്ള മാസ്റ്റർ തുടങ്ങിയവർ പ്രസംഗിച്ചു.



ചന്ദ്രിക അറിവിൻ തിളക്കം



മലയാള മനോരമ വായനക്കളരി



മാധ്യമം വെളിച്ചം



മാതൃഭൂമി മധുരം മലയാളം

## അമ്മവായനയ്ക്ക് തുടക്കം



ഉമ്മത്തൂർ എസ് ഐ ഹയർ സെക്കൻഡറി സ്കൂളിൽ വായന പരിപോഷണ പരിപാടികളുടെ ഭാഗമായി അമ്മവായന പദ്ധതിക്ക് തുടക്കമായി. രക്ഷിതാക്കളിൽ വായനാശീലം വളർത്തിയെടുക്കാനുദ്ദേശിച്ച് നടപ്പിലാക്കുന്ന പരിപാടിയുടെ ഉദ്ഘാടനം ബി പി മൈമൂനയ്ക്ക് ആദ്യപുസ്തകം നൽകി സ്റ്റാഫ് സെക്രട്ടറി ടി ബി മനാഫ് നിർവഹിച്ചു. സ്കൂളിലെ മുഴുവൻ രക്ഷിതാക്കൾക്കും സ്കൂൾ ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ സ്വീകരിക്കാവുന്നതാണ്

## വായനദിനം സാഹിത്യക്വിസ് വിജയികൾ



ശിവാനി കെ ടി കെ



അൽവിന കെ

വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ വായനവാരത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സ്കൂൾ തല സാഹിത്യ ക്വിസ് മത്സരത്തിൽ ശിവാനി കെ ടി കെ 8A ഒന്നാം സ്ഥാനവും അൽവിന കെ 8A രണ്ടാം സ്ഥാനവും മെഹന ഫാത്തിമ 9F മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

## അക്ഷരപ്പെയ്ത്ത്

ലൈബ്രറി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ജൂലായ് 5 ബഷീർ ദിനത്തിൽ അക്ഷരപ്പെയ്ത്ത് എന്ന പേരിൽ എല്ലാ ക്ലാസിലും വായനക്കുറിപ്പുകളുടെ സമാഹാരം പുറത്തിറക്കുന്നു. മികച്ച വായനക്കുറിപ്പുകളുടെ സമാഹാരത്തിന് നാദാപുരം അർബൻ സർവീസ് സഹകരണ ബാങ്ക് ഉപഹാരം നൽകുന്നതാണെന്ന് ലൈബ്രേറിയൻ അസ്‌ലം മാസ്റ്റർ അറിയിച്ചു.



## സയൻസ് ക്ലബ്ബ് ഉദ്ഘാടനം ഇന്ന്

സയൻസ് ക്ലബ്ബ് ഉദ്ഘാടനം ഇന്ന് 2 മണിക്ക് ദേശീയ അധ്യാപക അവാർഡ് ജേതാവും ശാസ്ത്രാധ്യാപകനുമായ നിയാസ് ചോല നിർവഹിക്കും.